**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 6813** | **11-07-2024 - ൽ മറുപടിയ്ക്ക്**

**രജിസ്ട്രേഷൻ വകുപ്പിന്റെ ഓൺലൈൻ സേവനങ്ങൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ടി. പി .രാമകൃഷ്ണൻ | | ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി<br>(രജിസ്ട്രേഷൻ, മ്യൂസിയം, ആർക്കിയോളജി വകുപ്പ് മന്ത്രി) | |
| (എ) | രജിസ്ട്രേഷൻ വകുപ്പ് വഴിയുള്ള എന്തെല്ലാം സേവനങ്ങൾക്കാണ് ഓൺലൈൻ സൗകര്യം ലഭ്യമായിട്ടുള്ളത്; വിശദാംശം ലഭ്യമാക്കാമോ; | (എ) | രജിസ്ട്രേഷൻ വകുപ്പിൽ നിന്നും താഴെ പറയുന്ന സേവനങ്ങൾ ഓൺലൈൻ സൗകര്യം ഉപയോഗിച്ച് നൽകിവരുന്നു.<br><br>1. ആധാര രജിസ്ട്രേഷനായി തീയതിയും സമയവും മുൻകൂർ നിശ്ചയിച്ച് കൊണ്ട് ടോക്കൺ ബുക്ക് ചെയ്യുന്നതിനുള്ള സൗകര്യം.<br>2. ഒരു ജില്ലയ്ക്കകത്തുള്ള ഏത് ആധാരവും ഏത് സബ് രജിസ്ട്രാർ ഓഫീസിലും രജിസ്റ്റർ ചെയ്യുന്നതിനുള്ള എനിവെയർ രജിസ്ട്രേഷൻ സൗകര്യം.<br>3. ബാദ്ധ്യതാ സർട്ടിഫിക്കറ്റുകൾക്കായി ഓഫീസിൽ ഹാജരാകാതെ ഓൺലൈനായി അപേക്ഷിക്കുന്നതിനും, ഇ-പേയ്മെന്റ് സംവിധാനത്തിലൂടെ ഫീസ് ഒടുക്കുന്നതിനും, അപേക്ഷകർക്ക് സർട്ടിഫിക്കറ്റുകൾ ഓൺലൈനായി ഡൗൺലോഡ് ചെയ്യുന്നതിനുമുള്ള സൗകര്യം<br>4. ആധാരങ്ങളുടെ സാക്ഷ്യപ്പെടുത്തിയ പകർപ്പുകൾ നിലവിൽ 8 ജില്ലകളിൽ (തിരുവനന്തപുരം, കൊല്ലം, പത്തനംതിട്ട, ആലപ്പുഴ, കോട്ടയം, ഇടുക്കി, എറണാകുളം, കാസറഗോഡ്) ഓൺലൈനായി നൽകി വരുന്നു. മറ്റുള്ള ജില്ലകളിൽ ഡിജിറ്റൈസേഷൻ നടപടികൾ പുരോഗമിക്കുന്നു.<br>5. വിവാഹ രജിസ്ട്രേഷനായുള്ള അപേക്ഷകൾ ഓൺലൈനായി സമർപ്പിക്കുന്നതിനുള്ള സൗകര്യം.<br>6. ഗഹാനുകൾക്ക് പൂർണ്ണമായും ഓൺലൈൻ ഫയലിംഗ് സൗകര്യം.<br>7. ഒരു ലക്ഷത്തിന് മുകളിൽ മുദ്ര വില വരുന്ന ആധാരങ്ങൾക്ക് ഇ-സ്റ്റാമ്പിംഗ് സൗകര്യം.<br>8. എല്ലാ സേവനങ്ങൾക്കും ഇ-പേയ്മെന്റ് / ഇ-പോസ് സൗകര്യം. |

| | | | |
|---|---|---|---|
| | | | 9. KSFE-യുമായി സഹകരിച്ചു കൊണ്ട് പ്രവാസി ചിട്ടികൾക്ക് പൂർണ്ണമായും ഓൺലൈൻ സൗകര്യം.<br>10. പാർട്ണർഷിപ്പ് ഫേം രജിസ്ട്രേഷൻ, സൊസൈറ്റി നിയമ പ്രകാരമുള്ള രജിസ്ട്രേഷൻ എന്നീ സേവനങ്ങൾക്കായി പ്രത്യേക ഓൺലൈൻ രജിസ്ട്രേഷൻ സംവിധാനം<br>11. ആധാര രജിസ്ട്രേഷൻ നടപടികൾ പൂർത്തിയാകുന്ന മുറയ്ക്ക് തന്നെ പോക്ക് വരവ് നടപടികൾക്കായി അവയുടെ ഡിജിറ്റൽ പകർപ്പുകൾ ബന്ധപ്പെട്ട വില്ലേജ് ഓഫീസുകളിൽ ഓൺലൈനായി ലഭ്യമാക്കുന്നു.<br>12. ഭൂമിയുടെ ന്യായവില പൊതുജനങ്ങൾക്ക് ഓൺലൈനായി പരിശോധിക്കുന്നതിനുള്ള സംവിധാനം.<br>13. ബാങ്കുകളിൽ നിന്നും മറ്റ് ധനകാര്യ സ്ഥാപനങ്ങളിൽ നിന്നും ലോണുകളുമായി ബന്ധപ്പെട്ട കരാറുകൾക്ക് ഡിജിറ്റൽ രൂപം. |
| (ബി) | ഭൂമിയുടെ ന്യായവില പൊതുജനങ്ങൾക്ക് ഓൺലൈനായി പരിശോധിക്കുന്നതിന് സംവിധാനം നിലവിലുണ്ടോ; വിശദമാക്കാമോ? | (ബി) | ഭൂമിയുടെ ന്യായവില പൊതുജനങ്ങൾക്ക് ഓൺലൈനായി പരിശോധിക്കുന്നതിനുള്ള സംവിധാനം നിലവിലുണ്ട്. https://igr.kerala.gov.in എന്ന വെബ് സൈറ്റ് സന്ദർശിച്ച് ഭൂമിയുടെ അടിസ്ഥാന വിവരങ്ങൾ (ജില്ല, ആർ.ഡി.ഒ., താലൂക്ക്, വില്ലേജ്, സർവ്വെ നമ്പർ തുടങ്ങിയവ) നൽകിയാൽ പ്രസ്തുത സ്ഥലത്തിന്റെ നിലവിലെ ന്യായവില അറിയുവാൻ സാധിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ